സി3/5653/2019

സാങ്കേതിക പരീക്ഷാകൺട്രോളറുടെ കാര്യാലയം,
കൈമനം, തിരുവനന്തപുരം
തീയതി 7-01-2020

**പരീക്ഷാ വിജ്ഞാപനം നമ്പർ. 4 / 2020**

# K.G.T.E ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമന്റ് ടെക്നോളജി ഏപ്രിൽ-2020

സാങ്കേതിക പരീക്ഷാ കൺട്രോളർ നടത്തുന്ന താഴെ പറയുന്ന ഫാഷൻ ഡിസൈനിംഗ് ആന്റ് ഗാർമന്റ് ടെക്നോളജി പരീക്ഷകൾ ഈ വിജ്ഞാപന പ്രകാരം 2020 ഏപ്രില് മാസത്തിൽ നിർദ്ദിഷ്ട കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്.

1. എഫ്.ഡി.ജി.റ്റി. (ഒന്നാംവർഷം) – റഗുലർ ആന്റ് സപ്ലിമെന്ററി
2. എഫ്.ഡി.ജി.റ്റി. (രണ്ടാംവർഷം) – റഗുലർ ആന്റ് സപ്ലിമെന്ററി

സർക്കാർ ഉടമസ്ഥതയിലുള്ള ജി.ഐ.എഫ്.ഡി. സെന്ററുകൾ, സർക്കാർ അംഗീകൃത സ്വകാര്യ ടെക്നിക്കൽ സ്ഥാപനങ്ങ.ൾ എന്നിവയി.ൽ ഏതിലെങ്കിലും റഗുലറായി പഠനം നടത്തുകയും പെർമനന്റ് രജിസ്റ്റർ നമ്പർ ലഭിക്കുകയും ചെയ്യുന്നവർക്ക് റഗുലർ പരീക്ഷകൾക്കും, മുൻപ് നടത്തിയ പരീക്ഷകളിൽ പരാജയപ്പെട്ടവർക്ക് സപ്ലിമെന്ററി പരീക്ഷയും എഴുതാവുന്നതാണ്.

റഗുലർ വിദ്യാർത്ഥികൾക്ക് 80 ശതമാനം ഹാജർ നിർബന്ധമാണ്. സപ്ലിമെന്ററി പരീക്ഷ എഴുതുന്നവർ തോറ്റവിഷയങ്ങൾ മാത്രം എഴുതിയാൽ മതിയാകും.65 മുതൽ 80 ശതമാനംവരെ ഹാജർ കുറവുള്ളവർ ബന്ധപ്പെട്ട അധികാരികളിൽ നിന്നും കണ്ടോനേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

മൂന്നു പ്രാവശ്യത്തിലധികം ഒരു പരീക്ഷയും എഴുതാൻ ഒരു കാരണവശാലും അനുവദിക്കുന്നതല്ല.പരീക്ഷക്ക് അപേക്ഷിക്കുകയും, എന്നാൽ ഹാജരാകാതിരിക്കുകയും ചെയ്യുന്നത് ഒരു ചാൻസ് ആയി. കണക്കാക്കുന്നതാണ്

## 2.പരീക്ഷാഫീസും, മറ്റ്വിവരങ്ങളും

| | | |
|---|---|---|
| ഒന്നാം വർഷം (റെഗുലർ) | : | 475/- രൂപ |
| ഒന്നാം വർഷം (സപ്ലിമെന്ററി) | : | 160/- രൂപ |
| രണ്ടാം വർഷം (റെഗുലർ) | : | 475/- രൂപ |
| രണ്ടാം വർഷം (സപ്ലിമെന്ററി) | : | 160/- രൂപ |

പരീക്ഷാഫീസ് സ്ഥാപനമേധാവികൾ ശേഖരിച്ച് **"0202–02–101–98 പരീക്ഷാ ഫീസ്"** എന്നഅക്കൗണ്ട് ഹെഡ്ഡിൽഅടച്ച് ഒറിജിനൽ ചെല്ലാൻ ഓൺലൈൻ രജിസ്ട്രേഷൻ റിപ്പോർട്ട് സഹിതം അയക്കേണ്ടതാണ്. എഫ്.ഡി.ജി.റ്റി. ഒന്നാം വർഷത്തിനും, രണ്ടാം വർഷത്തിനും പ്രത്യേകം ചെല്ലാൻ ഉപയോഗിക്കേണ്ടതാണ്. പിഴയില്ലാതെ ഫീസ് അടക്കേണ്ട അവസാനതീയതി **29.01.2020**

**ഒരു ദിവസം 25രൂപാ ക്രമത്തിൽ പിഴയോടുകൂടി ഫീസ്അടക്കേണ്ട അവസാന തീയതി 31.01.2020**

**790 രൂപ സൂപ്പർ ഫൈനോടുകൂടി ഫീസ്അടക്കേണ്ട അവസാന തീയതി –3.02.2020**

പരീക്ഷാ രജിസ്ട്രേഷൻ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും മറ്റ് രേഖകളും പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ ലഭിക്കേണ്ട **അവസാന തീയതി 7.02.2020 ഇതിന് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.**

സ്വകാര്യ സ്ഥാപനത്തിലെ മേധാവികൾ സ്ഥാപനത്തിന്റെ അംഗീകാരം ഈ വർഷം പുതുക്കിയ ഉത്തരവിന്റെ പകർപ്പ് അപേക്ഷയോടൊപ്പം അടക്കം ചെയ്തിരിക്കണം

.

**3.അപേക്ഷ അയക്കേണ്ടവിധം**

വിദ്യാർത്ഥികളിൽ നിന്നുംലഭിച്ച അപേക്ഷയിലെ വിവരങ്ങൾ സ്ഥാപന മേധാവി തങ്ങളുടെ സ്ഥാപനത്തിന് നൽകിയിരിക്കുന്ന Institution login വഴി സാങ്കേതിക പരീക്ഷാ കൺട്രോളറുടെ വെബ്സൈറ്റിൽ നല്കേണ്ടതാണ് **9.01.2020 മുതൽ 3.02.2020** വരെ രജിസ്ട്രേഷൻ നടത്താവുന്നതാണ്. അപ്രകാരം നൽകിയ വിവരങ്ങളുടെ പകർപ്പ്( രജിസ്ട്രേഷൻ ലിസ്റ്റ് )വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. ഈ പകർപ്പും ഫീസ് അടച്ചതിന്റെ ഒറിജിനൽ ചെല്ലാനുകളും ഫീസ് ഇളവുള്ള വിദ്യാർഥികളുടെ ചാൻസ് സർട്ടിഫിക്കറ്റും സഹിതം പരീക്ഷാകൺട്രോളറുടെ ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്.അപേക്ഷാ ഫോറങ്ങൾ സ്ഥാപനങ്ങളിൽ തന്നെ ഒരു വർഷത്തേക്ക് സൂക്ഷിക്കേണ്ടതാണ്.

**4. ഇന്റേണൽമാർക്ക്**

എഫ്.ഡി.ജി.റ്റി. വിദ്യാർത്ഥികളുടെ ഇന്റേണൽ മാർക്ക് അതത് സ്ഥാപനങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്ററിൻ പ്രകാരം **ഏപ്രിൽ 1 മുതൽ 30 വരെ** വെബ്സൈറ്റിൽ നല്കി, ആയതിന്റെ പകർപ്പ് സ്ഥാപന മേധാവിയുടെ കൈയൊപ്പ് സഹിതം **10/05/2020** ന് മുൻപായി പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ ലഭിക്കേണ്ടതാണ്. **ഇന്റേണൽമാർക്ക്ലഭിക്കാത്ത വിദ്യാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല.** നിലവിലുള്ള എല്ലാ പരീക്ഷാ നിയമങ്ങളും ഈ വിജ്ഞാപനത്തിനു ശേഷം പുറപ്പെടുവിക്കുന്ന തുമായ എല്ലാനിർദ്ദേശങ്ങളും,പൂർണ്ണമായും അനുസരിക്കേണ്ടതാണ്.

**5.പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിലേക്കുള്ള ആനുകൂല്യം**

പട്ടികജാതി/വർഗ്ഗവിഭാഗങ്ങളിൽപ്പെട്ടവർ ആദ്യം പരീക്ഷ എഴുതുന്നവർഷം മുതൽ നാലു വർഷ,ിനുള്ളിൽ മൂന്ന് പരീക്ഷകൾക്ക് ഫീസ് സൗജന്യം ഉണ്ടായിരിക്കും ഇതിലേക്കായി എസ്.എസ്.എൽ.സി യോ കൂടുതലോ പഠിച്ചവർ എസ്.എസ്.എൽ.സി ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ജാതി തെളിയിക്കുന്നതിനായി ഹാജരാക്കിയാൽ മതിയാകും. മറ്റുള്ളവർ ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥനിൽ നിന്ന് ലഭിച്ച ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ. അത് സ്ഥാപനത്തിൽ സൂക്ഷിച്ചിരിക്കേണ്ടതാണ്.

**ചാൻസ്സർട്ടിഫിക്കറ്റ് (സ്ഥാപനമേധാവി സമർപ്പിക്കേണ്ടതാണ്)**

പട്ടികജാതിപട്ടികവർഗ്ഗവിഭാഗത്തിലുള്ള ഫീസ്സൗജന്യത്തിന്അർഹയായ ശ്രീ./ശ്രീമതി.......................... 2019 ഏപ്രിൽ മാസത്തിലെ...........................................എഫ്.ഡി.ജി.റ്റി ഒന്നാംവർഷ/രണ്ടാം വർഷ പരീക്ഷക്ക്അപേക്ഷിക്കുന്നത്................മത്തെ പ്രാവശ്യമാണ്. (ജാതിതെളിയിക്കുന്ന സർട്ടിഫിക്കറ്റ് സ്ഥാപനത്തിൽ സൂക്ഷിച്ചിരിക്കണം.

സ്ഥലം ഒപ്പ്

തീയതി പേര്

**6. പരീക്ഷയെ സംബന്ധിക്കുന്ന പൊതു നിർദ്ദേശങ്ങൾ**

1. അഡ്മിഷൻ ടിക്കറ്റുകൾപരീക്ഷ തുടങ്ങുന്നതിന് മൂന്നു ദിവസം മുൻപ് അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ നേരിട്ട് ഹാജരായി കൈപ്പറ്റേണ്ടതാണ്. അഡ്മിഷൻ ടിക്കറ്റിൽ പരീക്ഷാർത്ഥിയുടെ ഫോട്ടോ പതിച്ച് ഏതെങ്കിലും ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തി പരീക്ഷക്ക് ഹാജരാക്കേണ്ടതാണ്.

2. അഡ്മിഷൻടിക്കറ്റ്ഒറിജിനൽനഷ്ടപ്പെട്ടാൽ പരീക്ഷാഫീസ് അടക്കുന്ന അതേ ഹെഡ്ഡിൽ 55(അൻപത്തിഅഞ്ച്) രൂപാ അടച്ച് പരീക്ഷയെ സംബന്ധിക്കുന്ന വിശദ വിവരങ്ങൾക്കൊപ്പം സാങ്കേതിക പരീക്ഷാ ജോയിന്റ് കൺട്രോളർക്ക് അപേക്ഷിച്ചാൽ പരീക്ഷാ കേന്ദ്രത്തിൽ നിന്ന് ഡ്യൂപ്ലിക്കേറ്റ് അഡ്മിഷൻ ടിക്കറ്റുകൾ ലഭിക്കുന്നതാണ്.

3. പരീക്ഷാ ഹാളിൽ അപമര്യാദയായി പെരുമാറുകയും പരീക്ഷാ നിയമങ്ങളും നിർദ്ദേശങ്ങളും ലംഘിക്കുകയുംചെയ്യുന്നവരെ അപ്പോൾ തന്നെ പരീക്ഷാ ഹാളിൽനിന്നും പുറത്താക്കുന്നതും ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതുമാണ്. അതിലേക്കായി അവരെ സംബന്ധിക്കുന്ന വിവരങ്ങൾ ചീഫ്സൂപ്രണ്ടുമാർ സാങ്കേതികപരീക്ഷാജോയിന്റ് കൺട്രോളറെ അറിയിക്കേണ്ടതാണ്.

4. പരീക്ഷയെ സംബന്ധിച്ച് നിലവിലുള്ള എല്ലാ നിയമങ്ങളും നിർദ്ദേശങ്ങളും ഈ വിജ്ഞാപനത്തിന് ശേഷം പുറപ്പെടുവിക്കുന്ന ഉത്തരവുകളും നിർദ്ദേശങ്ങളും അനുസരിക്കാൻ ബാദ്ധ്യസ്ഥരാണെന്ന ഉറപ്പ് സാങ്കേതികപരീക്ഷാ ജോയിന്റ് കൺട്രോളർക്ക് നൽകിയിട്ടുള്ളതായി കണക്കാക്കുന്നതാണ്.

**7.പരീക്ഷാഫലവും മാർക്ക്ലിസ്റ്റും**

പരീക്ഷാഫലം ജോയിന്റ് കൺട്രോളറുടെ ഓഫീസിലും www.tekerala.org എന്ന വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നതാണ്. പരീക്ഷാ ഫലത്തിന്റെ പകർപ്പ് നേരിട്ട് ആവശ്യമുള്ളവർ ''0202–02–800–94 അദർ റസീപ്റ്റ്സ്''എന്ന അക്കൗണ്ട് ഹെഡിൽ 60രൂപ ഫീസ് അടച്ച് സാങ്കേതിക പരീക്ഷ ജോയിന്റ് കൺട്രോളർക്ക് അപേക്ഷ നൽകേണ്ടതാണ്.

പരീക്ഷാ വിവരങ്ങൾ സംബന്ധിച്ച ആവശ്യമായ രേഖകളോടു കൂടി താഴെ പറയുന്ന വിലാസത്തിൽഅയക്കേണ്ടതാണ്.

**ജോയിന്റ്കൺട്രോളർ**
**സാങ്കേതിക പരീക്ഷാ കൺട്രോളറുടെ കാര്യാലയം**
**കൈമനം, തിരുവനന്തപുരം–40**

**<u>കവറിനുപുറത്ത് എഫ്.ഡി.ജി.റ്റി. ഏപ്രിൽ 2020 ഒന്നാംവർഷം/രണ്ടാംവർഷം</u>**

ഈ വിജ്ഞാപനത്തിന് അനുസൃതമല്ലാത്തതും ഈ പരീക്ഷയെ സംബന്ധിക്കുന്ന ഇപ്പോൾ നിലവിലുള്ള ഉത്തരവുകളും നിർദ്ദേശങ്ങളും പാലിക്കാത്തതും ന്യൂനതകൾ ഉള്ളതും വൈകി കിട്ടുന്നതുമായ അപേക്ഷകൾ മുന്നറിയിപ്പ് കൂടാതെ നിരസിക്കുന്നതായിരിക്കും.




**ജോയിന്റ്കൺട്രോളർ.**